കൃഷിബക്ക് സർക്കാർ തുടങ്ങിയ വിവിധ ഏജൻസികളിൽ നിന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഇല്ല.

(ഡി) ഇതിലേക്കാവശ്യമായ പണം സ്വരൂപിക്കുന്ന ചുമതല കനേഡിയൻ കമ്പനിയായ എസ്.എൻ.സി. ലാവ്‌ലിനാണ്. ഈ കമ്പനിയുടെ നേതൃത്വത്തിലാണ് നിർമ്മാണ ജോലികൾ നടക്കുന്നത്. നിർമ്മാണ ജോലികൾക്കുള്ള പണം കമ്പനി നേരിട്ടാണ് നൽകുന്നത്. ആയതിനാൽ മലബാർ കാൻസർ സെന്ററിന് നേരിട്ട് തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

100 (1955) സഹകരണ മേഖലയിലെ മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജുകളുടെ ഭരണപരമായ ചുമതല

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകളുടെ ഭരണപരമായ ചുമതല ആരിൽ ആണ് നിക്ഷിപ്തമാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കോളേജുകളുടെ ഭരണ ചുമതല പ്രാഥമിക തലത്തിൽ മാനേജിംഗ് കമ്മിറ്റിക്കാണ്.

(ബി) താഴെപറയുന്നവരാണ് മാനേജിംഗ് കമ്മിറ്റിയിൽ ഉള്ളത്.

1. സഹകരണ വകുപ്പു മന്ത്രി (ചെയർമാൻ)
2. സഹകരണ വകുപ്പു സെക്രട്ടറി
3. സഹകരണ സംഘം രജിസ്ട്രാർ
4. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മാനേജിംഗ് ഡയറക്ടർ
5. സഹകരണ അക്കാഡമി ഡയറക്ടർ
6. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രസിഡന്റ്
7. സ്ഥാപനം അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ അഥവാ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ടി സർവകലാശാലയുടെ ഒരു പ്രൊഫസർ.
8. ഓൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ അഥവാ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ഇവയുടെ നോമിനി
9. വ്യവസായത്തെ പ്രതിനിധീകരിച്ച അക്കാഡമിയുടെ ബോർഡിലുള്ള അംഗം
10. സ്ഥാപനത്തിലെ ഒരു പ്രൊഫസർ
11. സ്ഥാപനം സ്ഥിതിചെയ്യുന്ന ജില്ലയിലെ ജില്ലാ സഹകരണ ബാങ്കിന്റെ പ്രസിഡന്റ്
12. സ്ഥാപനത്തിന്റെ പ്രിൻസിപ്പൽ.

LIBRARY ARCHIVES Kerala Legislative Assembly